**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2716**

**17.10.2016-ൽ മറുപടിക്ക്**

**സ്വകാര്യ ആവശ്യത്തിന് ഔദ്യോഗിക വാഹനം ഉപയോഗിക്കാനുള്ള അനുമതി**

| ചോദ്യം<br>ശ്രീ.സി. മമ്മൂട്ടി | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പോലീസ് വകുപ്പിൽ എസ്.പി. മുതൽ ഉയർന്ന റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് സ്വകാര്യ ആവശ്യത്തിന് ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ നിലവിൽ അതിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | എസ്.പി. മുതൽ ഉയർന്ന റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് Non Duty Purpose നായി ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ കിലോമീറ്ററിന് 6 രൂപ നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | ഒരേ സമയം ഒന്നിലേറെ വാഹനങ്ങൾ ഉപയോഗിക്കാൻ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഔദ്യോഗിക ആവശ്യത്തിനു വേണ്ടി ഒരു ഡിപ്പാർട്ട്മെന്റ് വാഹനം അനുവദിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ജില്ലകളിലേയ്ക്കും യൂണിറ്റുകളിലേയ്ക്കും അനുവദിച്ചിട്ടുള്ള Pool Vehicle ഉപയോഗിക്കാറുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നോൺ ഡ്യൂട്ടി പർപ്പസിന് ഔദ്യോഗിക വാഹനം ഉപയോഗിച്ചതിന് ഓരോ ഉദ്യോഗസ്ഥരും എന്തു തുക വീതം സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉദ്യോഗസ്ഥർ Non Duty Purpose നായി ഔദ്യോഗിക വാഹനം ഉപയോഗിച്ച വകയിൽ ആകെ ₹45054/- (നാൽപത്തി അയ്യായിരത്തി അൻപത്തി നാല് രൂപ) സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ